പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 732 | 10/02/2016 ൽ മറുപടിക്ക്

## ക്ഷയരോഗ നിർണ്ണയം

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി<br>ശ്രീ. ഇ.കെ. വിജയൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയെ സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഒരു ജില്ലയെയും സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ദേശീയ ക്ഷയരോഗ പദ്ധതിയിൻ കീഴിൽ 2015-2016 വർഷത്തിൽ എത്ര ക്ഷയരോഗികളാണ് ചികിത്സ തേടിയ തെന്ന് വ്യക്തമാക്കുമോ; | (ബി) | 2015 ജനവരി 1 മുതൽ 2015 ഡിസംബർ 31 വരെ 22,785 ക്ഷയരോഗികളാണ് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | രോഗികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2306 |
| 2 | കൊല്ലം | 2057 |
| 3 | ആലപ്പുഴ | 1618 |
| 4 | പത്തനംതിട്ട | 922 |
| 5 | കോട്ടയം | 1676 |
| 6 | ഇടുക്കി | 556 |
| 7 | എറണാകുളം | 2261 |
| 8 | തൃശ്ശൂർ | 2284 |

| | | |
|---|---|---|
| 9 | പാലക്കാട് | 2206 |
| 10 | മലപ്പുറം | 2228 |
| 11 | കോഴിക്കോട് | 1698 |
| 12 | വയനാട് | 673 |
| 13 | കണ്ണൂർ | 1524 |
| 14 | കാസർഗോഡ് | 776 |
| ആകെ | | 22785 |

| | | | |
|---|---|---|---|
| (സി) | കുട്ടികളിലെ ക്ഷയരോഗ നിർണ്ണയത്തിനുള്ള പരിശോധനാ കിറ്റുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ; | (സി) | ഇല്ല. കുട്ടികളുടെ ക്ഷയരോഗ നിയന്ത്രണത്തിനുള്ള പരിശോധനാ കിറ്റുകൾ ജില്ലകൾക്ക് ആവശ്യാനുസരണം വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ രംഗത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലഭ്യമാക്കി ജില്ലകളുടെ ആവശ്യനുസരണം വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയ്ക്കായുള്ള കേന്ദ്രവിഹിതത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽനിന്ന് 6.26 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ